നൂറ് ഇൻപേഷ്യന്റ്സുണ്ട്. ഒ.പി.യുമുണ്ട്. കേരളത്തിലുള്ള പ്രസവ സംബന്ധമായ ചികിത്സാ സ്ഥാപനങ്ങളിൽ രണ്ടാമത്തേതാണ് കോഴിക്കോട് എസ്.എ.ടി. ആശുപത്രി. കഴിഞ്ഞ കൊല്ലം ഇരുപത്തിയേഴായിരം പ്രസവം അവിടെ നടന്നു. തിരുവനന്തപുരത്തെ എസ്.എ.ടി. ആശുപത്രിയിൽ പതിനേഴ് പതിനെട്ടായിരം പ്രസവം ഒരു വർഷത്തിൽ നടക്കുന്നുണ്ട്. സ്വാഭാവികമായും പ്രസവ സംബന്ധമായി വരുന്നവരുടെ കൂട്ട് പങ്കാളികളായി വരുന്നവരുടെ എണ്ണം ചെറുതല്ല; നിയന്ത്രിക്കാൻ പലപ്പോഴും കഴിയുന്നില്ല. പഴയ കെട്ടിടമാണ്. ആ കെട്ടിടം മാറ്റി പുതുക്കി പണിയാനുള്ള നടപടികൾ പല ഘട്ടത്തിലെടുത്തിട്ടുണ്ട്. ഇപ്പോൾ ദ്രുതഗതിയിലുള്ള ചില പ്രവർത്തനങ്ങൾ നടന്നുവരുന്നു. കെ. എച്ച്.ആർ.ഡബ്ല്യു.എസ്-ന്റെ പേവാർഡ് പുതുതായി ഉണ്ടാക്കുന്നു. അതുപോലെ നാലുനില കെട്ടിടത്തിനുള്ള എ.എസ്. കൊടുത്തുകഴിഞ്ഞിട്ടുണ്ട്. പണത്തിന്റെ ദൗർലഭ്യം ഒരു ഘടകമാണ്. അതുപോലെ എല്ലാ പ്രസവവും ഒരു സ്ഥലത്ത് വേണമെന്നുള്ള നിർബന്ധത്തിലല്ല ഗവൺമെന്റ്; കഴിയുന്നതും താഴോട്ടുകൊണ്ടുപോയി വിവിധ മേഖലകളിലെത്തിക്കാനുള്ള ശ്രമത്തിലാണ്. അതിന്റെ അടിസ്ഥാനത്തിലാണ് കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളും മറ്റും പ്രവർത്തിക്കുന്നത്. തൈക്കാട് താലൂക്കാശുപത്രിയിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ ശ്രമിക്കുകയാണ്. ഇവിടെ പലപ്പോഴും രോഗികളുടെ എണ്ണം കൂടുതലുണ്ടാകുന്നു. ഞാൻ അവിടെ പല പ്രാവശ്യം പോയിട്ടുണ്ട്. കേരളത്തിലെ ഏറ്റവും നല്ല ഗൈനക്കോളജിസ്റ്റുകാർ അവിടെയുണ്ട്. തിരുവനന്തപുരം എസ്. എ.ടി.യിലെ ഗൈനക്കോളജിസ്റ്റുകൾ പുരുഷന്മാരാണ്. മുൻധാരണയിലാണ് ഇതൊക്കെ പറയുന്നത്. സ്ത്രീകൾക്ക് ഈ കാര്യങ്ങളറിയാമെന്നുള്ള ധാരണയിൽ ആണ് അവതരിപ്പിച്ചതെങ്കിൽ എസ്.എ.ടി.യിലെ ഗൈനക്കോളജിസ്റ്റുകളിൽ കൂടുതലും പുരുഷന്മാരാണ്. അവിടെ കല്ലുകൊണ്ട് ഒരു പ്രതിമയുണ്ടാക്കിയത് ആ പ്രതിമ ഇരിക്കാനാണ്; അത് ജീവിക്കാനല്ല. ആലങ്കാരികമായി പറഞ്ഞത് കൊള്ളാം. വേദനിക്കുന്ന രോഗികളോട് ഏത് രീതിയിൽ പെരുമാറണമെന്നുള്ളതിനെ സംബന്ധിച്ചിടത്തോളം പരിമിതികളുണ്ട്. രോഗികളുടെ എണ്ണം കൂടുന്നു. സ്റ്റാഫിനെ അധികം കൊടുക്കാൻ കഴിയുന്നില്ല. പഴയ കെട്ടിടമാണ്. അത് മാറ്റിയെടുക്കാനുള്ള ശ്രമത്തിലാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. എ.കെ. ആന്റണി) : സർ, ബഹുമാനപ്പെട്ട ലതാദേവി പറഞ്ഞ ദയനീയമായ കഥ കേട്ടിട്ട് ഞങ്ങൾക്കെല്ലാം വിഷമം തോന്നി. ഒരു പ്രത്യേക പരിഗണന അതിലുണ്ടാകണം. അങ്ങയുടെ കൂടി സ്ഥലമാണ്. അങ്ങുംകൂടി ശ്രദ്ധിക്കണം.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മെമ്പർ സബ്മിഷൻ കൊണ്ടുവന്നപ്പോൾ അത് അനുവദിക്കാനുള്ള പ്രധാന കാരണം തന്നെ അതാണ്. നമുക്കു തന്നെ നേരിട്ട് ബോധ്യമുള്ള കാര്യമാണ്. അതുകൊണ്ട് പ്രത്യേക പരിഗണന പറഞ്ഞാൽ അതിനുവേണ്ടി അടിയന്തിരമായി ഒരു ഉന്നതതല യോഗംതന്നെ കൂടി അടിയന്തിര നടപടി സ്വീകരിക്കുന്നതായിരിക്കും നല്ലത്.

(26) പൈങ്ങോട്ടൂർ, പല്ലാരിമംഗലം പഞ്ചായത്തുകളിലെ പ്രൈമറി ഹെൽത്ത് സെന്ററുകളിൽ ഡോക്ടർമാരുടെയും മറ്റു സ്റ്റാഫിന്റേയും നിയമനം

ശ്രീ. വി.ജെ. പൗലോസ് : സർ, ഈ വിഷയത്തെ സംബന്ധിച്ച് ഞാൻ അഞ്ചാമത്തെ പ്രാവശ്യമാണ് സബ്മിഷൻ ഉന്നയിക്കുന്നത്. എന്റെ നിയോജക

LIBRARY ARCHIVES Kerala Legislative Assembly

മണ്ഡലത്തിൽ പൈങ്ങോട്ടൂർ പല്ലാരിമംഗലം പഞ്ചായത്ത് പ്രൈമറി ഹെൽത്ത് സെന്ററിനോടനുബന്ധിച്ച് യഥാക്രമം പത്ത് കിടക്കകളോടുകൂടിയ പുതിയ ആശുപത്രി കെട്ടിടവും അതുപോലെ കിച്ചൻ ബ്ലോക്ക്, പോസ്റ്റുമോർട്ടം തിയേറ്റർ, ഓപ്പറേഷൻ തിയേറ്റർ തുടങ്ങിയ എല്ലാ സൗകര്യങ്ങളോടുകൂടിയ കെട്ടിടം പണി തീർത്തിട്ട് ഇപ്പോൾ നാലുവർഷമായി. പക്ഷേ ഇതുവരെ ആ കെട്ടിടം തുറന്ന് പ്രവർത്തിച്ച് രോഗികളെ കിടത്തി ചികിത്സിക്കാനുള്ള സൗകര്യമേർപ്പെടുത്താൻ ഈ സർക്കാരിന് കഴിഞ്ഞിട്ടില്ല. ഞാൻ അതു സംബന്ധിച്ച് നിരവധി പ്രാവശ്യം പറഞ്ഞു, നടപടി സ്വീകരിക്കാമെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. പക്ഷേ ഇതുവരെ യാതൊരു നടപടിയുമുണ്ടായിട്ടില്ല. അതിന്മേൽ നടപടിയുണ്ടാകണമെന്നാണ് ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുന്നത്. ††††

മി. സ്പീക്കർ : അവസാനംപറഞ്ഞ ഭാഗമൊന്നും രേഖയിലുണ്ടാവുകയില്ല.

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എ.സി. ഷൺമുഖദാസ്) : സർ, ... കാരണം നിങ്ങൾക്ക് അങ്ങനെ ആഗ്രഹമുണ്ടാകണം. ഇല്ലെങ്കിൽ രാഷ്ട്രീയമാവുകയില്ല. അദ്ദേഹം ചൂണ്ടിക്കാണിച്ച കാര്യത്തിൽ ഈ ഗവൺമെന്റ് അധികാരത്തിൽ വരുന്നതിനു മുമ്പ് ഈ പറഞ്ഞ കെട്ടിടമുണ്ട്.

ശ്രീ. ടി.എം. ജേക്കബ് : സർ, ഒരു പോയിന്റ് ഓഫ് ഓർഡർ. ബഹുമാനപ്പെട്ട വി.ജെ. പൗലോസ് പറഞ്ഞത് അങ്ങ് രേഖയിൽനിന്ന് നീക്കം ചെയ്തു. അപ്പോൾ ബഹുമാനപ്പെട്ട മന്ത്രി അതിന് മറുപടി പറഞ്ഞത് ശരിയല്ല. അപ്പോൾ മന്ത്രി പറഞ്ഞത് രേഖയിൽ വരികയും ശ്രീ. വി.ജെ. പൗലോസ് പറഞ്ഞത് രേഖയിൽ വരാതിരിക്കുകയും ചെയ്യുമ്പോൾ കുറെക്കാലം കഴിഞ്ഞ് അത് വായിക്കുമ്പോൾ ഒരു പുകപടലം അവിടെ കാണും.

മി. സ്പീക്കർ : അത് വരില്ല. സാധാരണയുള്ള നടപടിക്രമം ഒന്ന് രേഖയിൽനിന്ന് നീക്കം ചെയ്താൽ അതിനോടനുബന്ധമായി വരുന്നതെല്ലാം സ്വാഭാവികമായി നീക്കപ്പെടും. അപ്പോൾ അതും പോകും.

ശ്രീ. എ.സി. ഷൺമുഖദാസ് : സർ, നന്നായി. ഞാൻ പറഞ്ഞതും ബഹുമാനപ്പെട്ട ജേക്കബ് സഹായിച്ചതും നന്നായി. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 5 സ്റ്റാഫ് നഴ്സ്, രണ്ട് നഴ്സിംഗ് അസിസ്റ്റന്റ്, ഒരു ഹോസ്പിറ്റൽ അറ്റൻഡർ ഗ്രേഡ് II എന്നീ തസ്തികകൾ അനുവദിച്ചിട്ടുണ്ട്. ഒരു ഡോക്ടർ കൂടി വേണം. ഒരു ഡോക്ടറുടെ പോസ്റ്റിനുള്ള പ്രൊപ്പോസൽ ക്യാബിനറ്റിന്റെ മുമ്പിലുണ്ട്. ഈ നിയമസഭയിൽ പറഞ്ഞ വാക്ക് പാലിക്കാൻ ശ്രമിച്ചിട്ടുണ്ട്. ഈ ക്യാബിനറ്റിലോ അടുത്ത ക്യാബിനറ്റിലോ അത് വരും. ആ രീതിയിലുള്ള നടപടികളുമായി നീങ്ങുന്നു. അതിനുള്ള നോട്ട് സമർപ്പിച്ചുകഴിഞ്ഞു.

---

†††† ബഹുമാനപ്പെട്ട സഭാധ്യക്ഷന്റെ നിർദ്ദേശപ്രകാരം രേഖയിൽനിന്ന് നീക്കം ചെയ്തു.

.... ബഹുമാനപ്പെട്ട സഭാധ്യക്ഷന്റെ നിർദ്ദേശപ്രകാരം രേഖയിൽനിന്നും നീക്കം ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly